# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2213 – 14/06/2019 - ലെ മറുപടിക്ക്

## ജി.ഡി.പി.വളർച്ച കുറയാനുണ്ടായ കാരണങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.വി.എസ്.ശിവകുമാർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ക്രിസിൽ (CRISIL ) എന്ന ഏജൻസി 2019 ജനുവരിയിൽ പുറത്തിറക്കിയ സ്റ്റേറ്റ്സ് ഓഫ് ഗ്രോത്ത് 2.0 എന്ന റിപ്പോർട്ടിൽ ജി.ഡി.പി. വളർച്ച, പണപ്പെരുപ്പം, സാമ്പത്തിക ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സ്ഥാനം പതിനേഴാമതാണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2017- ൽ പന്ത്രണ്ടാം സ്ഥാനത്ത് നിന്ന കേരളം 2018-ൽ പതിനേഴാം സ്ഥാനത്ത്ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | ക്രിസിൽ (CRISIL) എന്നത് ഒരു സ്വകാര്യ ഏജൻസിയാണ്. 2019 ജനുവരിയിൽ പുറത്തിറക്കിയ സ്റ്റേറ്റ്സ് ഓഫ് ഗ്രോത്ത് 2.0 എന്ന റിപ്പോർട്ടിൽ പേജ് എട്ടിൽ(8) പട്ടിക 1.1 ൽ കാണിച്ചിരിക്കുന്ന കേരളത്തിന്റെ ജി.എസ്.ഡി.പി 2018 ലെ ഡാറ്റാ ലഭ്യമല്ലാത്തതിനാൽ ക്രിസിലിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് ക്രിസിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ക്രിസിലിന്റെ കണക്കുകൾ ആധാരമാക്കേണ്ടതില്ല. കേന്ദ്ര സ്ഥിതിവിവര കണക്ക് ഓഫീസിന്റെ ദേശീയ വരുമാന കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് കേരള സ്ഥിതിവിവര കണക്ക് വകുപ്പാണ് സംസ്ഥാന ജി.എസ്.ഡി.പി തയ്യാറാക്കുന്നത്. ഇതനുസരിച്ച് 2016-17 ൽ നടപ്പ് വിലയിൽ കേരളത്തിന്റെ ജി.എസ്.ഡി.പി വളർച്ചാ നിരക്ക് 9.67 ശതമാനവും 2017-18 ൽ 11.42 ശതമാനവും ആയിരുന്നു. സ്ഥിര വിലയിൽ (2011-12 അടിസ്ഥാന വർഷം) ഇത് 2016-17 ൽ 6.22 ശതമാനവും 2017-18 ൽ 7.18 ശതമാനവും |

| | | |
|---|---|---|
| | | ആണ്. സാമ്പത്തിക അവലോകനം 2018 ൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | 2017-ൽ ജി.ഡി.പി.യുടെ വളർച്ച 7.4 ആയിരുന്നത് 2018-ൽ 5.9 ആയി കുറഞ്ഞതിനുള്ള കാരണം വ്യക്തമാക്കുമോ? | സാമ്പത്തിക അവലോകനം 2018 പ്രകാരം കേരളത്തിന്റെ ജി.എസ്.ഡി.പി വളർച്ച (സ്ഥിരവിലയിൽ) 2016-17 ൽ 6.22 ശതമാനത്തിൽ നിന്നും 2017-18 ൽ 7.18 ശതമാനം ആകുകയും ജി.എസ്.ഡി.പി സ്ഥിരവിലയിൽ 2016-17 ൽ 4,79,28,990 ലക്ഷം രൂപയിൽ നിന്നും 2017-18 ൽ 5,13,69,589 ലക്ഷം രൂപയായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**